# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3197      07-11-2019 -ൽ മറുപടിക്ക്

### പ്രളയത്തിൽ മലപ്പുറം ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ

<table>
<tr><th></th><th>ചോദ്യം</th><th></th><th>മറുപടി</th></tr>
<tr><td></td><td>ശ്രീ.എ.പി. അനിൽ കുമാർ</td><td></td><td>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)</td></tr>
<tr><td>എ)</td><td>ഇക്കഴിഞ്ഞ പ്രളയത്തെ തുടർന്ന് മലപ്പുറം ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിവിധ വകുപ്പുകൾ തയ്യാറാക്കിയ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ ?</td><td>എ)</td><td>കേന്ദ്രസംഘത്തിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് നടത്തിയ കണക്കെടുപ്പ് പ്രകാരമുളള നാശനഷ്ടങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>വകുപ്പ്</th><th>നഷ്ടം</th></tr>
<tr><td>1</td><td>ഫിഷറീസ്</td><td>588 Ha മത്സ്യകൃഷി, 17 ബോട്ട് പൂർണ്ണം 9 ഭാഗികം</td></tr>
<tr><td>2</td><td>കൃഷി</td><td>1611.30 Ha</td></tr>
<tr><td>3</td><td>കെ.എസ്.ഇ.ബി</td><td>94 ട്രാൻസ്ഫോമർ 3448 ഇലക്ട്രിക് പോസ്റ്റ് 37400 മീറ്റർ ലൈൻ</td></tr>
<tr><td>4</td><td>റോഡ്സ് & ബ്രിഡ്ജസ്</td><td>414.762 KM റോഡ്, 14 ബ്രിഡ്ജസ്</td></tr>
<tr><td>5</td><td>വിദ്യാഭ്യാസം</td><td>4 സ്കൂൾ,<br>72 അംഗൻവാടികൾ</td></tr>
<tr><td>6</td><td>ആരോഗ്യം</td><td>14 പി.എച്ച്.സി</td></tr>
</table></td></tr>
<tr><td>ബി)</td><td>ഇക്കഴിഞ്ഞ പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനും പരുക്കേൽക്കപ്പെട്ടവർക്കും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കും കൃഷി നാശം ഉണ്ടായവർക്കും തുടങ്ങി പ്രളയത്തിൽ ഇരയായവർക്ക് സാമ്പത്തിക സഹായം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?</td><td>ബി)</td><td>പ്രളയത്തിൽ മരണപ്പെട്ട 68 പേരുടെ കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ വീതം ധനസഹായം വിതരണം ചെയ്തു. കൃഷിനാശം, ഭവന നാശം എന്നിവ സംഭവിച്ചവരുടെ വിവരശേഖരണം നടന്നു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ